**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3109** **04-08-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് സ്റ്റേഷനുകളിലെ സേവനം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനം മെച്ചപ്പെടുത്താൻ എന്തൊക്കെ പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ; | (എ) | പൊതുജനങ്ങൾക്ക് ഏത് സമയവും പോലീസ് സ്റ്റേഷനുകളിൽ നിർഭയം കടന്നുവരുന്നതിനും അവരുടെ പരാതികൾ ബോധിപ്പിക്കുന്നതിനുമുള്ള സാഹചര്യമാണ് നിലവിലുള്ളത്. പരാതിക്കാർക്ക് പരാതികളും മറ്റും സ്വീകരിച്ച് രസീത് നൽകുകയും ഇതിന്മേൽ താമസംവിനാ പരിഹാരം നൽകി വരികയും ചെയ്യുന്നു. വാർത്താ വിനിമയ വിതരണ സാങ്കേതിക വിദ്യയിലെ നൂതന ആശയങ്ങളും ശാസ്ത്ര സാങ്കേതിക വിദ്യയിലെ പുതിയ കണ്ടുപിടിത്തങ്ങളും പ്രയോജനപ്പെടുത്തി പൊതുജനോപകാരപ്രദവും വേഗതയും കൃത്യതയും ഫലപ്രാപ്തിയും ഉള്ള എല്ലാ മാർഗങ്ങളും സ്വീകരിച്ച വരുന്നുണ്ട്. THUNA portal, e-mail, Whatsapp മുഖേന പൊതുജനത്തിന് പോലീസ് സ്റ്റേഷനിലേയ്ക്ക് നേരിട്ട് എത്താതെ തന്നെ പരാതിയും മറ്റും സമർപ്പിക്കാവുന്ന സംവിധാനവും നിലവിലുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും, സ്റ്റേഷനിൽ നേരിട്ടെത്തുന്ന പൊതുജനങ്ങളെ സഹായിക്കുന്നതിനായി പി.ആർ.ഒ. സംവിധാനവുമുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമായി വനിതാ റെസ്റ്റ് റൂം, വനിതാ വിസിറ്റിംഗ് റൂം, ചൈൽഡ് ഫ്രണ്ട് ലി പോലീസ് സ്റ്റേഷൻ, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, വിമൻ ഹെൽപ്പ് ഡെസ്ക് തുടങ്ങിയവ സ്ഥാപിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് കൂടുതൽ കാര്യക്ഷമമായ സേവനം ലഭ്യമാക്കുന്നതിനായി പോലീസ് സ്റ്റേഷന്റെ ചുമതല സർക്കിൾ ഇൻസ്പെക്ടർമാർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | പോലീസ് സ്റ്റേഷനുകളിൽ സിസിടിവി സ്ഥാപിക്കൽ, എല്ലാ വിഭാഗം പോലീസുകാർക്കും നിരന്തരം പരിശീലനം, പബ്ലിക് റിലേഷൻസിൽ പ്രത്യേക വൈദഗ്ദ്ധ്യം എന്നിവ നടപ്പിലാക്കുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | കേരളത്തിലെ 274 പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. 200 പോലീസ് സ്റ്റേഷനുകളിൽ കൂടി സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ വിഭാഗം പോലീസ് ഉദ്യോഗസ്ഥർക്കും ആവശ്യമായ റിഫ്രഷ്മെന്റ് |

| | | | |
|---|---|---|---|
| | | | കോഴ്സുകൾ നൽകുന്നുണ്ട്. ഇതിൽ പബ്ലിക് റിലേഷൻസും വിഷയമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ